## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 159 — 01.02.2018 — ൽ മറുപടിക്ക്

## റേഷൻ കടകളിലെ ഇ-പോസ് മെഷീൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, എ.എം. ആരിഫ്<br>,, മുരളി പെരുനെല്ലി : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതുമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് ഉപഭോക്താവിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻകാർഡ് നമ്പർ നൽകുമ്പോൾ തന്നെ കാർഡിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് വഴിയോ, ഐറിസ് വഴിയോ യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അവർക്കു തന്നെ റേഷൻ സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ സാധിക്കും. ഉപഭോക്താവിന് തൻമാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തൻമാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിൽ മേൽ വിവരങ്ങൾ അറിയുന്നതിനും സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കുകയും ചെയ്യും. ഓരോ റേഷൻ ഇടപാട് വിവരവും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ ലഭ്യമാകുന്നതാണ്. ഈ രീതിയിൽ റേഷൻ കടകളിലൂടെയുള്ള വിതരണം പൂർണ്ണമായും സുതാര്യമാക്കാൻ സാധിക്കും. |
| (ബി) | റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി, റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ജി.പി.എസ്.സംവിധാനം ഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കി വരുന്നു. |

*സെക്ഷൻ ഓഫീസർ*